സമക്ഷം

പ്രസിഡന്റ് / സെക്രട്ടറി
ജില്ലാ ലൈബ്രറി കൌൺസിൽ,
കോഴിക്കോട്

15-05-2012

ബഹുമാന്യ പ്രസിഡന്റ് / സെക്രട്ടറി,

വിഷയം : മലയാളം വിക്കിപീഡിയയിൽ എഴുതുന്നതിനായുള്ള പരിശീലനം - വിക്കിപഠന ശിബിരം നടത്തുന്നതിന് ജില്ലാ ലൈബ്രറി കൌൺസിൽ സഹായം നൽകുനത് സംബന്ധിച്ച്.

ലൈബ്രറി കൌൺസിലിന്റെ ആഭിമുഖ്യത്തിൽ കോഴിക്കോട് വിക്കിപഠന ശിബിരം നടത്തുന്നതിന് സഹായംഅഭ്യർത്ഥിച്ചുകൊണ്ടുള്ളതാണ് ഈ കത്ത്. മലയാള ഭാഷയിൽ സ്വതന്ത്രവും സൌജന്യവുമായി വിജ്ഞാനം പ്രദാനം ചെയ്തുകൊണ്ട് പ്രവർത്തിക്കുന്ന മലയാളം വിക്കിപീഡിയയെകുറിച്ച് (www.ml.wikipedia.org) താങ്കൾക്ക് അറിവുള്ളതാണല്ലോ. ഇന്റർ നെറ്റിലെ മലയാള ഉള്ളടക്കം വർദ്ധിപ്പിക്കുന്നതിനും മലയാള ഭാഷയിൽ വിവരങ്ങൾ ആരായുന്ന ഏതൊരാൾക്കും അവ ലഭ്യമാക്കുന്നതിനും, സർവ്വോപരി ആധുനിക സാങ്കേതിക വിദ്യാരംഗത്തും മലയാള ഭാഷയുടെ സാന്നിദ്ധ്യമുറപ്പിക്കുന്നതിലും മലയാളം വിക്കിപീഡിയ വഹിക്കുന്ന പങ്ക് വളരെ വലുതാണ്.

ദിനം പ്രതി അനവധി പുതിയ ലേഖനങ്ങൾ സൃഷ്ടിക്കപ്പെടുന്ന മലയാളം വിക്കിപീഡിയയിൽ ഇന്ന് 23,000 - ൽ പരം ലേഖനങ്ങളുണ്ട്. മലയാളം വിക്കിപീഡിയയുടെ സഹോദര സംരംഭമായ വിക്കിഗ്രന്ഥശാലയിലും പകർപ്പവകാശ കാലാവധി കഴിഞ്ഞ നൂറുകണക്കിന് അമൂല്യ ഗ്രന്ഥങ്ങൾ ചേർത്തിട്ടുണ്ട്. ഇതര സംരംഭങ്ങളായ വിക്കിചൊല്ലുകൾ, വിക്കിനിഘണ്ടു തുടങ്ങിയവയും വിദ്യാർത്ഥികൾക്കും ഗവേഷകർക്കും പൊതുജനങ്ങൾക്കും ഒരു പോലെപ്രയോജനകരമായ സംവിധാനമായി പ്രവർത്തിക്കുന്നു.

എന്നാൽ ഈ ലേഖനങ്ങളിൽ മിക്കവയും മറുനാടൻ മലയാളികളുടെ ശ്രമഫലമായി ഉണ്ടാകുന്നവയാണ്. സന്നദ്ധരായ ഗ്രന്ഥശാലാ പ്രവർത്തരുടെ മുൻകയ്യിൽ കേരളത്തിലെ ഗ്രന്ഥശാലകളും അവയോട് ബന്ധപ്പെട്ട കമ്പ്യൂട്ടർ സംവിധാനങ്ങളും ഉപയോഗപ്പെടുത്തി കേരളത്തിനകത്തുനിന്നും കൂടുതൽ പേരെ മലയാളം വിക്കിപീഡിയയിലെ എഴുത്തുകാരാക്കുവാനും വിക്കിപീഡിയയിലെ ലേഖനങ്ങളുടെ എണ്ണവും ഗുണവും വർദ്ധിപ്പിക്കുവാനും കഴിയും. കൂടാതെ നമ്മുടെ ഗ്രന്ഥശാലകളുടെ ചരിത്രം, അവയുടെ പ്രത്യേകതകൾ, ഗ്രന്ഥശാലകളിൽ സൂക്ഷിച്ചിരിക്കുന്ന പകർപ്പവകാശ പരിധി കഴിഞ്ഞ അമൂല്യ ഗ്രന്ഥങ്ങൾ മുതലായവയെ വിക്കിപീഡിയിയിൽ എത്തിക്കുവാനും ഇതിലൂടെ കഴിയും.

ജില്ലാ ലൈബ്രറി കൌൺസിലിന്റെ ആഭിമുഖ്യത്തിൽ, ജില്ലയിലെ ലൈബ്രറി പ്രവർത്തകരിൽ നിന്നും പൊതുജനങ്ങളിൽ നിന്നും, കമ്പ്യൂട്ടറിൽ മലയാളം എഴുതുവാൻ കഴിവുള്ള ആളുകൾക്കായി ഒരു വിക്കിപഠന ശിബിരം സംഘടിപ്പിക്കുവഴി വിക്കിപീഡിയയെകുറിച്ച് ഗ്രാമീണ ജനങ്ങളെ ബോധവൽക്കരിക്കാനും വിക്കപീഡിയയിലേക്ക് കൂടുതലാളുകളെ എത്തിക്കുവാനും കഴിയും.

വിക്കിപഠന ശിബിരത്തിനായി പൊതുവെ താഴെ പറയുന്ന സൌകര്യങ്ങളാണ് ഒരുക്കേണ്ടത്:

1. വിക്കിപീഡിയ പ്രവർത്തനങ്ങളിൽ താല്പര്യമുള്ള 30 -50 ആളുകൾ (കമ്പ്യൂട്ടറിൽ മലയാളം എഴുതാനുള്ള കഴിവ് അഭികാമ്യം)
2. ഇത്രയും പേർക്ക് അര ദിവസത്തെ ക്ലാസ്സെടുക്കാനാവശ്യമായ സജ്ജീകരണങ്ങൾ: ഹാൾ, മൈക്ക്, എൽ.സി.ഡി പ്രോജക്ടർ, ചായ തുടങ്ങിയവ
3. ദൃശ്യ -ശ്രാവ്യ മാദ്ധ്യമങ്ങളിലൂടെയുള്ള പ്രചരണം

മലയാളം വിക്കിപീഡിയയിൽ എഴുതുന്നതിനാവശ്യമായ പരിശീലനം - മലയാളം വിക്കിപഠനശിബിരം - കോഴിക്കോട് സംഘടിപ്പിക്കുന്നതിനാവശ്യമായ മേൽപ്പറഞ്ഞ സൌകര്യങ്ങൾ ചെയ്തുതരണമെന്ന് മലയാളം വിക്കിപീഡിയയ്ക്കുവേണ്ടി അഭ്യർത്ഥിക്കുന്നു.

സ്നേഹാദരങ്ങളോടെ,
മലയാളം വിക്കിപീഡിയയ്ക്കുവേണ്ടി
പ്രശോഭ് ജി. ശ്രീധർ